പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2071 26-10-2026-ൽ മറുപടിയ്ക്ക്

റേഷൻ വാങ്ങാത്തവരുടെ റേഷൻ കാർഡ് മരവിപ്പിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. യു. ജനീഷ് കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ആറ് മാസം തുടർച്ചയായി റേഷൻ വാങ്ങാത്തവരുടെ റേഷൻ കാർഡ് മരവിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: 2015-ലെ ടാർഗറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ 2025-ലെ ഭേദഗതി പ്രകാരം, തുടർച്ചയായി ആറു മാസമായി റേഷൻ വിഹിതം കൈപ്പറ്റാത്തതും ഒന്നിലധികം റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ അർഹതാ പരിശോധന നടത്തേണ്ടതുണ്ട്. അർഹതയുള്ളവർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ e-KYC പൂർത്തിയാക്കി മുൻഗണനാ വിഭാഗത്തിൽ തുടരാവുന്നതാണ്. e-KYC പൂർത്തിയാക്കാത്ത സാഹചര്യങ്ങളിൽ മാത്രമാണ് റേഷൻ കാർഡ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത വ്യവസ്ഥ AAY, PHH കാർഡുകൾക്ക് മാത്രമാണ് ബാധകമാകുന്നത്.

(ബി) റേഷൻ കാർഡ് മരവിപ്പിക്കുന്നത് റേഷന് പുറമെയുള്ള ആനുകൂല്യങ്ങൾ നഷ്ടമാകുന്നതിന് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: 2015-ലെ ടാർഗറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ പ്രകാരം, റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള രേഖയായി മാത്രമേ റേഷൻ കാർഡ് ഉപയോഗിക്കാവൂ എന്നും തിരിച്ചറിയൽ രേഖയായോ മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയായോ ഉപയോഗിക്കാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇതുമൂലം കാർഡ് ഉടമകൾക്ക് ഉണ്ടാകുന്ന കഷ്ടതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മറുപടി: തുടർച്ചയായി ആറു മാസമായി റേഷൻ വിഹിതം കൈപ്പറ്റാത്തതിന്റെ പേരിൽ നിലവിൽ ഒരു റേഷൻ കാർഡും നിർജ്ജീവമാക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല.

പൊതുജനങ്ങളുടെ തെറ്റിദ്ധാരണകളും ആശങ്കകളും ദൂരീകരിക്കുന്നതിനായി ആവശ്യമായ ഔദ്യോഗിക അറിയിപ്പുകളും വിവരങ്ങളും മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ